ബൈബിൾ ചിത്രകഥ

# ജീവന്റെ അപ്പം



MAR LOUIS PUBLICATIONS

## ബൈബിൾ ചിത്രകഥ - 43

# ജീവന്റെ അപ്പം

വിശക്കുന്നവന് ആവശ്യം ആഹാരമാണ്. മരുഭൂമിയിൽവച്ച് കല്ലുകളെ അപ്പമാക്കി സ്വന്തം വിശപ്പടക്കാൻ വിസമ്മതിച്ച യേശു രണ്ടുതവണ അത്ഭുതകരമായി അപ്പം വർദ്ധിപ്പിച്ച് അനേകായിരങ്ങളെ തൃപ്തരാക്കി. എന്നാൽ ശാരീരികമായ വിശപ്പിനേക്കാൾ എത്രയോ വലുതാണ് നിത്യജീവനുവേണ്ട ആഹാരത്തിനുള്ള വിശപ്പ്. അപ്പം കൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വചനംകൊണ്ടുമാണ് മനുഷ്യൻ ജീവിക്കുന്നത് എന്നു പറഞ്ഞ യേശുതന്നെയാണ് ദൈവത്തിന്റെ വചനം. അപ്പത്തിന്റെ വീട് എന്നർത്ഥമുള്ള ബേത്‌ലെഹെമിലാണ് അവൻ ജനിച്ചത്. മനുഷ്യർക്കു നിത്യജീവൻ സമൃദ്ധമായി നല്കാനാണു താൻ വന്നിരിക്കുന്നത് എന്നു സൂചിപ്പിക്കുന്നതായിരുന്നു ബേത്‌ലെഹെമിലെ ജനനം. കഫർണാമിൽവച്ച്, തന്റെ ശരീരമാണ് നിത്യജീവന്റെ ആഹാരം എന്നു യേശു പ്രഖ്യാപിച്ചു. എന്നാൽ ഈ ആഹാരം അവൻ നല്കിയത് അന്ത്യഅത്താഴവേളയിലാണ്.

യഹൂദരുടെ ഏറ്റം വലിയ തിരുനാളായ പെസഹായുടെ പശ്ചാത്തലത്തിലാണ് യേശു സ്വന്തം ശരീരരക്തങ്ങൾ അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളിൽ ശിഷ്യന്മാർക്കു നല്കിയത്. അതുവഴി യേശു പെസഹായ്ക്കു പുതിയ അർത്ഥം നല്കുകയായിരുന്നു. പാപത്തിന്റെ ദാസ്യത്തിൽനിന്നു ദൈവികജീവന്റെ സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുപോകലാണ് ഈ പുതിയ പെസഹാ.

സീനായ്മലയിലെ പഴയ ഉടമ്പടിക്കുപകരം അന്ത്യഅത്താഴവേളയിൽ യേശു സ്വന്തം രക്തത്തിൽ പുതിയ ഉടമ്പടി സ്ഥാപിച്ചു. ബലിയർപ്പണത്തിലൂടെയാണ് ഉടമ്പടി ഉറപ്പിക്കപ്പെട്ടിരുന്നത്. ബലിമൃഗത്തിന്റെ മാംസം ഭക്ഷിക്കുന്നവർ ഉടമ്പടിയിൽ പങ്കുകാരാകുന്നു. എന്നാൽ യേശു സ്വന്തം ശരീരരക്തങ്ങളാണ് ബലിയർപ്പിച്ചതും ഭക്ഷണമായി നല്കിയതും. മനുഷ്യരെ ദൈവവുമായും തമ്മിൽ തമ്മിലും രമ്യതപ്പെടുത്തുന്നതാണ് യേശുവിന്റെ ബലി. ഈ ബലിയാണ് കാൽവരിയിൽ പൂർത്തിയായതും അനുദിനം വിശുദ്ധ കുർബാനയിൽ പുനരാവിഷ്കരിക്കപ്പെടുന്നതും.

വിനീതമായ സേവനത്തിന്റെ മാതൃകയും പരിധിയില്ലാത്ത സ്നേഹത്തിന്റെ പുതിയ കല്പനയും നല്കിക്കൊണ്ടാണ് യേശു പുതിയ ഉടമ്പടി ഉറപ്പിച്ചത്. ജീവന്റെ അപ്പം ഭക്ഷിക്കുന്നവർ ആ മാതൃകയും കല്പനയും അനുസരിച്ചു ജീവിക്കാൻ കട

Published by : MAR LOUIS PUBLICATIONS
Broadway, Ernakulam
Kochi - 682 031, Ph: 0484-2352110
Website : www.marlouiskochi.com
E-mail : mlbookcentre@gmail.com
mlpekam@gmail.com

പ്പെട്ടിരിക്കുന്നു. അവശതയനുഭവിക്കുന്ന സഹോദരങ്ങൾക്കു ചെയ്യുന്ന നിസ്വാർത്ഥ മായ സേവനത്തിലൂടെ വേണം സ്നേഹം പ്രകടമാക്കാൻ. ഇപ്രകാരമുള്ള സ്നേഹം ഒന്നു മാത്രമായിരിക്കും അവസാനവിധിയുടെ മാനദണ്ഡം എന്ന് യേശു പഠിപ്പിച്ചു.

ഓരോരുത്തർക്കും വിവിധങ്ങളായ കഴിവുകൾ ദൈവം ദാനമായി നല്കിയിട്ടുണ്ട്. അവ പരമാവധി വികസിപ്പിക്കുകയും സഹോദരങ്ങൾക്കായി വ്യയം ചെയ്യുകയും വേണം. ദാനങ്ങൾ പൂഴ്ത്തിവയ്ക്കുന്നവർ ശിക്ഷിക്കപ്പെടും. നമ്മെ ഏലിപിച്ചിരിക്കുന്ന ദൗത്യം വിശ്വസ്തതോടെ നിറവേറ്റിക്കൊണ്ട് ജാഗ്രതയോടെ കർത്താവിനായി കാത്തിരിക്കണം എന്നു കന്യകമാരുടെ ഉപമയിലൂടെ യേശു പഠിപ്പിക്കുന്നു.

ഇസ്രായേൽ ജനത്തെ നയിക്കാനായി നിയുക്തരായവരായിരുന്നു സാൻഹദ്രിൻ സംഘാംഗങ്ങൾ. എന്നാൽ തങ്ങളുടെ ദൗത്യത്തിൽ അവർ പരാജയപ്പെട്ടു. യേശുവിനെ ദൈവപുത്രനായി സ്വീകരിക്കാൻ അവർക്കു സാധിച്ചില്ല. മാത്രമല്ല, അവനെ ദൈവദൂഷകനായി കരുതുകയും വിചാരണ ചെയ്യാതെതന്നെ വിധിക്കുകയും ചെയ്തു. ദൈവത്തിന്റെ പദ്ധതിയെന്തെന്നു മനസ്സിലാക്കാൻ ശ്രമിക്കാതെ, സ്വന്തം താല്പര്യങ്ങൾ അനുസരിച്ച് യേശുവിനെപ്പോലും നിയന്ത്രിക്കാമെന്നു കരുതിയതാണ് യൂദാസിനു പറ്റിയ ഏറ്റം വലിയ തെറ്റ്. യേശുവിന്റെ വാക്കനുസരിച്ചു ജീവിക്കാൻ അയാൾ തയ്യാറായില്ല. അതിനാൽ യേശുവിനെ മനസ്സിലാക്കാൻ സാധിച്ചുമില്ല. അവസാനം അയാൾ വലിയൊരു വഞ്ചനയ്ക്ക് ഇരയും സാത്താന്റെ ഉപകരണവുമായിത്തീർന്നു.

അപ്പസ്തോലന്മാരുടെ വിശ്വാസം കഠിനമായി പരീക്ഷിക്കപ്പെട്ട സമയമായിരുന്നു യേശുവിന്റെ പീഡാസഹനം. യേശുവിന്റെ പ്രത്യേക സംരക്ഷണത്താലാണ് അവർ കാത്തു സൂക്ഷിക്കപ്പെട്ടത്. സാത്താന്റെ പ്രലോഭനം എല്ലാവർക്കും ഉണ്ടാകും. യേശുവിലുള്ള പൂർണ്ണമായ ആശ്രയവും നിരന്തരമായ പ്രാർത്ഥനയും കൊണ്ടുമാത്രമേ പ്രലോഭനങ്ങളിൽ വീണുപോകാതിരിക്കാൻ കഴിയൂ. വീണുപോയാൽത്തന്നെ പ്രത്യാശ കൈവെടിയാതെ, അനുതാപത്തോടെ ദൈവത്തിലേക്കു തിരിയണം എന്നു പത്രോസിനു നല്കിയ മുന്നറിയിപ്പിലൂടെ യേശു നമ്മെയും പഠിപ്പിക്കുന്നു.

## ചോദ്യങ്ങൾ

1. വിധവയുടെ കാണിക്ക മറ്റെല്ലാവരുടേതിനെയുംകാൾ വിലപ്പെട്ടതാണെന്നു പറയാൻ കാരണമെന്ത്?
2. പത്തു കന്യകമാരുടെ ഉപമയിലൂടെ യേശു എന്താണു പഠിപ്പിക്കുന്നത്?
3. മനസ്സിനെ ദുർബ്ബലനാക്കുന്നതായി യേശു എടുത്തു കാണിച്ച മൂന്നു കാര്യങ്ങൾ ഏവ?
4. താലന്തുകളുടെ ഉപമയിൽനിന്ന് എന്തു പാഠമാണ് ലഭിക്കുന്നത്?
5. അന്തിമവിധിയുടെ മാനദണ്ഡം എന്ത്?
6. യഹൂദരുടെ പെസഹാ എന്തിന്റെ ഓർമ്മയാചരിക്കുന്നു?
7. യേശുവിനെ ബന്ധിക്കാൻ ഒറ്റുകാരനെ ആവശ്യമായത് എന്തുകൊണ്ട്?
8. അന്ത്യഅത്താഴവേളയിൽ യേശു നല്കിയ മാതൃക എന്ത്?
9. യേശു നല്കിയ പുതിയ കല്പന എന്ത്?
10. യേശു ജീവന്റെ അപ്പമാകുന്നു. വിശദീകരിക്കുക.


# ബൈബിൾ ചിത്രകഥ-43

# യേശുക്രിസ്തു -13


# ജീവന്റെ അപ്പം

രചന : മൈക്കിൾ കാരിമറ്റം
ചിത്രീകരണം : ദേവസി * ബെന്നി




ഗുരോ, എത്ര മനോഹര മാണ് ഈ ദേവാലയം! എത്ര വലിയ കല്ലുകൾ! എത്ര വില പിടിച്ച അലങ്കാരങ്ങൾ!
ഈ കാണുന്നവ കല്ലിന്മേൽ കല്ലുശേഷി ക്കാതെ തകർക്കപ്പെ ടുന്ന സമയം വരുന്നു.
!!!?
ഗുരോ, എപ്പോഴാണ് അതു സംഭവിക്കുന്നത്? എന്തെങ്കിലും അടയാളം ഉണ്ടായിരിക്കുമോ?
കള്ളപ്രവാചകന്മാരും കള്ള ക്രിസ്തുമാരുംവന്ന് 'സമയമ ടുത്തു' എന്നുപറഞ്ഞ് നിങ്ങളെ വഴി തെറ്റിക്കാൻ ശ്രമിക്കും.
?!!
നിങ്ങൾ ശ്രദ്ധയുള്ളവരായിരി ക്കുവിൻ. ജെറുസലെമിനു ചുറ്റും സൈന്യം താവളമടിക്കുന്നതു കാണുമ്പോൾ അതിന്റെ നാശം അടുത്തു എന്നറിയുവിൻ.



അപ്പോൾ യൂദയായിലുള്ള
വർ പർവ്വതങ്ങളിലേക്കു
പലായനം ചെയ്യട്ടെ. അനേ
കർ കൊല്ലപ്പെടും.


ശേഷിച്ചവർ എല്ലാ ജനത
കളിലേക്കും അടിമകളായി
കൊണ്ടുപോകപ്പെടും.


സദാ ഒരുങ്ങിയിരിക്കുവിൻ. മനുഷ്യപുത്രൻ എപ്പോഴാണു വരുക എന്നു നിങ്ങൾക്കറിയില്ല.
ഒരിക്കൽ പത്തുകന്യകമാർ വിളക്കുമെടുത്ത് മണവാട്ടിയുടെ തോഴിമാരായി മണവാളനെ സ്വീകരിക്കാൻ പോയി.
അവരിൽ വിവേകമതികളായ അഞ്ചുപേർ പാത്രങ്ങളിൽ എണ്ണയും കരുതിയിരുന്നു.


മണവാളൻ വരാൻ വൈകിയതിനാൽ അവരെല്ലാം ഉറങ്ങിപ്പോയി. അർദ്ധരാത്രിയായപ്പോൾ.
ഇതാ മണവാളൻ വരുന്നു. പുറത്തുവന്ന് അവനെ എതിരേല്ക്കുവിൻ.
അല്പം എണ്ണ എനിക്കു തരൂ. എന്റെ വിളക്കു കെട്ടുപോയി.
ഇതു രണ്ടുപേർക്കു തികയില്ല. കടയിൽ പോയി വാങ്ങിക്കൊള്ളൂ.
!
?!!!!


ഒരുങ്ങിയിരുന്നവർ
മണവാളനോടൊത്ത് വിരുന്നുശാ
ലയിൽ പ്രവേശിച്ചു. വാതിലടച്ചു
എണ്ണവാങ്ങാൻ പോയവർ
മടങ്ങിവന്നു.
കർത്താവേ, ഞങ്ങൾക്ക്
വാതിൽ തുറന്നു തരണമേ.
നിങ്ങളെ ഞാൻ
അറിയുകയില്ല.
ഇതുപോലെയാണ് ദൈവരാജ്യം. മദ്യാസക്തി,
സുഖലോലുപത, ദ്രവ്യാഗ്രഹം മുതലായവ
യാൽ മനസ്സു ദുർബ്ബലമാകാതെ, പ്രാർത്ഥന
യോടെ സദാ ഒരുങ്ങിയിരിക്കുവിൻ.
!!!



നിങ്ങൾക്കു ലഭിച്ചിരിക്കുന്ന സകല ദാനങ്ങൾക്കും നിങ്ങൾ കണക്കു കൊടുക്കേണ്ടിവരും.
?!!
ഒരാൾ യാത്ര പുറപ്പെടുന്നതിനുമുമ്പ് തന്റെ മൂന്നു സേവകരെ വിളിച്ച് ഒരാൾക്ക് അഞ്ചും വേറൊരാൾക്ക് രണ്ടും മറ്റൊരാൾക്ക് ഒന്നും താലന്തുവീതം നല്കി.
ഇതാ എന്റെ സമ്പത്തു ഞാൻ നിങ്ങളെ ഏല്പിക്കുന്നു. നിങ്ങൾക്കുചിതമെന്നു തോന്നുന്നതു ചെയ്യുക. അധികം താമസിയാതെ ഞാൻ മടങ്ങിവരും.


ഏറെക്കാലം കഴിഞ്ഞ് അയാൾ മട ങ്ങിവന്നു.
യജമാനനേ, അങ്ങ യുടെ മുതൽ കൊണ്ട് കച്ചവടം ചെയ്ത് ഞാൻ അഞ്ചുകൂടി നേടി.
കൊള്ളാം. അല്പകാര്യ ങ്ങളിൽ വിശ്വസ്തനായി രുന്ന നിന്നെ വലിയ കാര്യങ്ങൾ ഏല്പിക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക.
ഞാൻ അങ്ങയുടെ സമ്പത്ത് ഇരട്ടിയാക്കി.
കൊള്ളാം. വിശ്വസ്തനായ ഭൃത്യാ, നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേ ശിക്കുക.
!
കണിശക്കാരനായ അങ്ങയെ ഭയന്ന് താലന്തു ഞാൻ കുഴിച്ചിട്ടു. ഇതാ അങ്ങേല്പിച്ച മുതൽ. ഒരു കുറവും വരുത്തിയിട്ടില്ല.
അലസനും പ്രയോജനമില്ലാത്തവ നുമായ ഇവനെ പുറത്ത് അന്ധകാ രത്തിലേക്ക് തള്ളിക്കളയുവിൻ.
?



അതുപോലെയാണ് ദൈവ രാജ്യം. അലസർക്ക് അതിൽ സ്ഥാനമില്ല.
മനുഷ്യപുത്രൻ എല്ലാ ദൂതന്മാരോടു കൂടെ വന്ന് തന്റെ മഹിമയുടെ സിംഹാസനത്തിൽ ഉപവിഷ്ടനാകും.
!!!
അവൻ നീതിമാന്മാരെ തന്റെ വലതുവശത്തും, ദുഷ്ടന്മാരെ ഇടതുവശത്തു മായി നിർത്തും.


എന്റെ പിതാവിനാൽ അനുഗൃഹീതരേ വരുവിൻ. ലോകാരംഭം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ.
എന്തെന്നാൽ എനിക്കു വിശന്നു. നിങ്ങൾ ഭക്ഷിക്കാൻ തന്നു... ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചു.
കർത്താവേ, ഞങ്ങൾ എപ്പോഴാണ് ഇതു ചെയ്തത്.
എന്റെ എളിയ സഹോദരരിൽ ഒരുവനു ചെയ്തപ്പോഴെല്ലാം നിങ്ങൾ എനിക്കു തന്നെയാണു ചെയ്തത്.


ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നിൽനിന്നകന്ന് പിശാചിനും അവന്റെ ദൂതന്മാർക്കുമായി സജ്ജമാക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ.


എന്തെന്നാൽ എനിക്കു വിശന്നു. നിങ്ങൾ ആഹാരം തന്നില്ല... ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ സന്ദർശിച്ചില്ല.


എന്റെ എളിയ സഹോദരങ്ങളിൽ ഒരുവനു നിങ്ങൾ ഇതു ചെയ്യാതിരുന്നപ്പോൾ എനിക്കു തന്നെയാണു ചെയ്യാതിരുന്നത്.
കർത്താവേ, ഞങ്ങൾ എപ്പോഴാണ് അങ്ങേയ്ക്കു ആഹാരമോ വസ്ത്രമോ തരാതിരുന്നത്?


ഇതായിരിക്കും ലോകാവസാനത്തിൽ സംഭവിക്കുക. ദുഷ്ടന്മാർ നിത്യശിക്ഷയിലേക്കും നീതിമാന്മാർ നിത്യഭാഗ്യത്തിലേക്കും പ്രവേശിക്കും.
!!?


പെസഹാത്തിരുനാളിന്റെ തലേദിവസം പത്രോസും യോഹന്നാനും.
ഗുരോ, എവിടെവച്ചാണ് നമ്മൾ പെസഹാ ഭക്ഷിക്കുന്നത്?
നിങ്ങൾ പട്ടണത്തിലേക്കു ചെല്ലുവിൻ. അപ്പോൾ ഒരുകുടം വെള്ളവുമായി ഒരാൾ വരുന്നതു കാണും.


അയാളെ അനുഗമിക്കുവിൻ. അയാൾ ചെന്നുകയറുന്ന വീടിന്റെ ഉടമസ്ഥൻ ഒരു മുറി കാണിച്ചുതരും. അവിടെ പെസഹാഭക്ഷണത്തിന് ഒരുക്കുവിൻ.




അതേസമയം സാൻഹദ്രിൻസംഘം സമ്മേളിച്ചു. ഇസ്രായേലിന്റെ പരമാധികാരം കയ്യാളുന്ന പുരോഹിതന്മാർ, ഫരിസേയർ, നിയമജ്ഞർ, സദ്ദുക്കായർ, മുതലായവരുടെ പ്രതിനിധികളടങ്ങുന്ന എഴുപതു പേരാണ് ഈ സംഘത്തിലുള്ളത്. പ്രധാനപുരോഹിതൻ കയ്യഫാസാണ് അധ്യക്ഷൻ.
ബഹുമാന്യരായ സഹോദരങ്ങളേ, ഇസ്രായേലിന്റെ നിലനില്പിനെത്തന്നെ ബാധിക്കുന്ന ഒരു പ്രശ്നം ചർച്ചചെയ്യാൻ വേണ്ടിയാണ് ഈ സമ്മേളനം. നസ്രത്തിലെ യേശുവിന്റെ പേരിൽ എന്തുനടപടിയാണ് നാം സ്വീകരിക്കേണ്ടത്?
ഒരാൾക്കു പറയാനുള്ളത് എന്താണെന്നു കേൾക്കാതെ നടപടിയെടുക്കുന്നത് ശരിയാണോ?
കഴിഞ്ഞ രണ്ടുവർഷമായി നമ്മുടെ രണ്ടു പ്രതിനിധികൾ അവനെ നിരീക്ഷിക്കുന്നു. റബ്ബി ഹഗ്ഗായി, റബ്ബി സാമുവേൽ, എന്താണ് നിങ്ങളുടെ നിഗമനം.
അവൻ നമ്മുടെ എല്ലാ നിയമങ്ങളും ലംഘിക്കുകയാണ്.
ഇതു പൊതുവായ ഒരാരോപണമാണ്. വിശദമായി പറയൂ.
!
സാബത്തിൽ രോഗശാന്തി നല്കുന്നു. സാബത്തു ലംഘിക്കാൻ ജനത്തെ പ്രേരിപ്പിക്കുന്നു.


സാബത്തിൽ നന്മ ചെയ്യുന്നതിനെ ഒരു തെറ്റായി പരിഗണിക്കാമോ? ഒറ്റവാക്കുകൊണ്ടല്ലേ അവൻ രോഗശാന്തി നല്കുന്നത്.
ശുദ്ധിയേയും അശുദ്ധിയേയും സംബന്ധിച്ച നിയമങ്ങൾ അവനു പുല്ലു വിലയാണ്.
കുഷ്ഠരോഗികളെ കെട്ടിപ്പിടിക്കുന്നു. ചുങ്കക്കാരുടെകൂടെ ഭക്ഷിക്കുന്നു.
സ്ത്രീകളെ, അതും വേശ്യകളെ, അനുയായികളായി കുടെ കൊണ്ടു നടക്കുന്നു. നമ്മുടെ ധാർമ്മികതയുടെ അടിത്തറ അവൻ തകർക്കുകയാണ്.
ശപിക്കപ്പെട്ട വിജാതിയരേയും സമറിയാക്കാരേയുമാണ് അവനു കൂടുതൽ ഇഷ്ടം.
താൻ ക്രിസ്തുവാണെന്ന് അവൻ അവകാശപ്പെടുന്നു. ജനത്തിൽ നല്ലൊരുപങ്ക് അതു വിശ്വസിക്കുന്നുമുണ്ട്.
ക്രിസ്തു വന്ന് നമ്മെ മോചിപ്പിക്കും. എന്നത് നമ്മുടെ വിശ്വാസത്തിന്റെ ഭാഗമല്ലേ?


നസ്രത്തിൽനിന്നുള്ള ആ
തച്ചന്റെ മകൻ നാം പ്രതീക്ഷി
ക്കുന്ന ക്രിസ്തുവാണെന്നോ?
ക്രിസ്തു ബേത്‌ലഹത്താണ്
ജനിക്കേണ്ടത്. അവൻ രാജ
വംശജനായിരിക്കും.
!
രാജകീയ മഹത്വത്തോടെ വരുന്ന
ക്രിസ്തുവിനെ നാം പ്രതീക്ഷിക്കുന്നു.
എന്നാൽ ദൈവം വിനീതനായ ഒരു
ക്രിസ്തുവിനെ അയച്ചാലോ?
ദേവാലയത്തിന്റെയും കൊട്ടാരങ്ങ
ളുടെയും കനത്ത മതിലുകൾക്കു
ള്ളിൽ രാജമഹത്വം സ്വപ്നം കണ്ടു
കഴിയുന്ന നമുക്ക് ജനങ്ങളുടെ
വികാരം അറിയില്ല.
ജനത്തെ മുഴുവൻ നമുക്കെ
തിരേ തിരിക്കുകയാണവന്റെ
പ്രധാന ലക്ഷ്യം
ആദരവോടെ നമ്മെ
അനുസരിച്ചിരുന്ന ജന
ത്തിൽ ഒരു നല്ല പങ്ക്
ഇപ്പോൾ നമ്മെ പുച്ഛിക്കാൻ
തുടങ്ങി.


നാം തന്നെയാണ് അതിന് ഉത്തരവാദികൾ. നമ്മൾ എന്താണു ജനത്തിനു കൊടുക്കുന്നത്? താങ്ങാനാവാത്ത നിയമത്തിന്റെ ചുമട്.
അവൻ ദൈവത്തിന്റെ സ്നേഹവും കരുണയും ജനത്തിന് അനുഭവവേദ്യമാക്കുന്നു.
നാം അവനെ വെറുതെ വിട്ടാൽ ഇസ്രായേൽജനം മുഴുവൻ നമ്മെ ഉപേക്ഷിച്ച് അവന്റെ പിന്നിൽ അണിനിരക്കും.
റോമാക്കാർക്കെതിരേ കലാപമായിരിക്കും അടുത്ത പടി. അത് ഇസ്രായേലിന്റെ തന്നെ നാശത്തിനു കാരണമാകും.
അവൻ ഒരു കലാപകാരിയല്ല. കലാപത്തെ അനുകൂലിക്കുന്നുമില്ല.
കഴിഞ്ഞ ദിവസത്തെ രാജകീയ പ്രവേശം കലാപത്തിന്റെ തുടക്കമായിരുന്നില്ലേ?
കലാപം തുടങ്ങിയത് ബറാബ്ബാസാണ്. യേശുവിന് അതിൽ പങ്കുണ്ടായിരുന്നില്ല.
അവൻ ദേവാലയവും നഗരവും നശിപ്പിക്കും എന്നു പറയുന്നു.


നമ്മൾ ആദ്യം നമ്മെത്തന്നെയാണ് വിചാരണ ചെയ്യേണ്ടത്. മാനസാന്തരത്തിനു ക്ഷണിക്കുന്ന യഥാർത്ഥ പ്രവാചകനാണ് യേശു.
!!!?
റബ്ബി ജോസഫ്, എന്താണ് താങ്കൾ സൂചിപ്പിക്കുന്നത്?
പണ്ട് മിക്കായും ജറെമിയായും ഇതുതന്നെ പറഞ്ഞു. അവർ യഥാർത്ഥ പ്രവാചകരായിരുന്നു എന്ന് കാലം തെളിയിച്ചു.
ഒരു പ്രവാചകൻ മാത്രമേ ദൈവത്തിന്റെ അംഗീകാരം സ്വന്തമായി അവകാശപ്പെടൂ. ഏതു പ്രവാചകനാണ് പാപം മോചിച്ചിട്ടുള്ളത്? മോശയുടെ പഠനങ്ങൾക്കെതിരേ ഏതു പ്രവാചകനാണ് സംസാരിച്ചിട്ടുള്ളത്?
എന്നാൽ അവൻ ഇതൊക്കെത്തന്നെയാണ് ചെയ്യുന്നത്. ദൈവത്തിന്റെ അധികാരമുള്ള ദൈവപുത്രനാണ് താൻ എന്ന് അവൻ അവകാശപ്പെടുന്നു.
!


അവൻ ജനത്തെ വഴി തെറ്റിക്കുന്ന വ്യാജപ്രവാചകനാണ്. വ്യാജപ്രവാച കനെ കല്ലെറിഞ്ഞുകൊല്ലാൻ നിയമം അനുശാസിക്കുന്നു.
ദൈവത്തെ ഉപേക്ഷിച്ചും റോമാക്കാ രാൽ ആക്രമിക്കപ്പെട്ടും നമ്മുടെ ജനം നശിക്കാതിരിക്കാൻ ഈ ഒരു മനുഷ്യൻ മരിക്കുന്നതാണ് നല്ലത്.
അവനെതിരേ ഒന്നും ചെയ്യാൻ ജനം നമ്മെ അനുവദിക്കില്ല. ദേവാ ലയത്തിൽവച്ച് ബന്ധിക്കാൻ ശ്രമി ച്ചപ്പോൾ അവർ തടഞ്ഞു.
കല്ലെറിയാൻ ശ്രമിച്ചപ്പോൾ ജനം അവനു ചുറ്റും നിന്നു സംരക്ഷണം നല്കി.
അവനെ റോമാക്കാർക്കു വിട്ടു കൊടുക്കണം. കലാപ കാരികളെ അവർ കൈകാര്യം ചെയ്തുകൊള്ളും.
രാജാവാണെന്ന് അവൻ അവകാശ പ്പെടുന്നുണ്ട്. രാജ്യം സ്ഥാപിക്കാനാണു വന്നതെന്നും.
രാജാവാക്കാൻ ജനം ശ്രമിച്ചപ്പോൾ അവൻ ഓടിയകലുകയാണു ചെയ്തത്.
കഴുതപ്പുറത്ത് എഴുന്നള്ളിയതോ? ഓശാന വിളികൾ സ്വീകരിച്ചതോ?


പെസഹാത്തിരുന്നാൾ കഴിഞ്ഞ് നമുക്ക് അവനെ വിളിച്ചു സംസാരിക്കാം.
ഇനി ഒരു ദിവസം പോലും വൈകുന്നത് അപകടരമാണ്. റോമാക്കാർ അവന്റെ പേരുപറഞ്ഞ് നഗരത്തിൽ കൂട്ടക്കൊല നടത്തും.
പകൽ അവനെ ബന്ധിക്കുക സാധ്യമല്ല. ചുറ്റിലും ജനക്കൂട്ടമുണ്ട്.
രാത്രിയിൽ അവൻ എവിടെയാണെന്ന് ആർക്കും അറിയില്ല.
അതറിയാവുന്ന ഒരാളുണ്ട്. അവന്റെ തന്നെ ശിഷ്യൻ.
ഇന്നു രാത്രിതന്നെ അവനെ പിടിക്കാൻ ഏർപ്പാടു ചെയ്യണം. നാളെ രാവിലെ ഈ പരിശുദ്ധ സാൻഹെദ്രിനു മുൻപിൽ വിചാരണ ചെയ്യണം.
!!!
ദൈവത്തിന്റെ സ്വരത്തിനു നമ്മൾ കാതടയ്ക്കരുത്.


റബ്ബി ഫിനഹാസ് യൂദാസ് സ്കറിയോത്തായെ കണ്ടുമുട്ടി.
നമ്മൾ പറഞ്ഞിരുന്ന കാര്യങ്ങളെല്ലാം ശരിപ്പെട്ടു. പ്രധാനപുരോഹിതൻ തനിച്ചല്ല, സാൻഹെദ്രിൻ സംഘം മുഴുവൻ യേശുവിനെ കേൾക്കാൻ തയ്യാറായിരിക്കുന്നു.
ഇനി യേശു ഒരു സംഭാഷണത്തിനു നില്ക്കും എന്നു തോന്നുന്നില്ല.
അതെന്താ? അവനാണ് ക്രിസ്തു എന്നു തെളിഞ്ഞാൽ സാൻഹെദ്രിൻ അവനെ രാജാവായി പ്രഖ്യാപിക്കും. ബറാബ്ബാസിനെയും മോചിപ്പിച്ച് നമുക്കു റോമാക്കാരെ തുരത്താം.
എനിക്കതിൽ അത്ര വിശ്വാസമില്ല. നേതാക്കന്മാർ എല്ലാം ഗുരുവിന് എതിരല്ലേ?
അനുഭാവികൾ ഏറെയുണ്ട്. ചുരുക്കംപേരേ എതിരായുള്ളൂ. അവരെയും ബോധ്യപ്പെടുത്താമല്ലോ.
യേശു ഇങ്ങനെ ഒരു സംഭാഷണത്തിനു തയ്യാറായില്ലെങ്കിലോ?
നമ്മൾ നിർബന്ധിക്കണം. ഇന്നു രാത്രി തന്നെ യേശുവിനെ പ്രധാന പുരോഹിതന്റെ മന്ദിരത്തിൽ എത്തിക്കണം.
എന്തിനാ രാത്രിക്ക്?


നാളെ അതിരാവിലെ സാൻ ഹെദ്രിൻസഭ സമ്മേളിക്കുന്നുണ്ട്. യേശുവിന് പറയാനുള്ളതു കേട്ട് അവരാണ് തീരുമാനം എടുക്കുന്നത്.
അവനാണ് ക്രിസ്തുവെങ്കിൽ അവനെതിരേ ആർക്കും ഒന്നും ചെയ്യാൻ സാധിക്കുകയില്ല.
അതു നമ്മൾ പലതവണ കണ്ടതാണ്.
അഥവാ അവൻ വ്യാജപ്രവാചകനാണെങ്കിൽ ഇസ്രായേലിനെ വലിയൊരു നാശത്തിൽ നിന്നു രക്ഷിച്ചതായി നിനക്ക് അഭിമാനിക്കാം.
ഏതു വിധേനയും നീ ഇസ്രായേൽ ജനത്തിന് വലിയൊരു സേവനമായിരിക്കും ചെയ്യുന്നത്. നിനക്ക് ഉചിതമായ ബഹുമതിയും സമ്മാനവും തരുന്നതായിരിക്കും.
ശരി. ഇന്നു രാത്രി ഞാൻ വരാം.


സമയമായപ്പോൾ യേശു അപ്പസ്തോലന്മാരോടൊപ്പം പെസഹാ ഭക്ഷണത്തിനിരുന്നു.
നിങ്ങളൊടൊപ്പം ഈ പെസഹാ ഭക്ഷിക്കാൻ ഞാൻ അത്യധികം ആഗ്രഹിച്ചു. ദൈവ രാജ്യത്തിൽ ഇതു പൂർത്തിയാകുന്നതുവരെ ഇനി ഞാൻ ഇതു ഭക്ഷിക്കുകയില്ല.
നമ്മുടെ പിതാക്കന്മാരെ ദൈവം ഈജിപ്തിൽനിന്നു മോചിപ്പിച്ചതിന്റെ ഓർമ്മയായിരുന്നു ഇതുവരെ നമ്മൾ പെസഹാതിരുനാളിൽ ആഘോഷിക്കുന്നത്.
എന്നാൽ ഇതു പുതിയൊരു പെസഹായാണ്. പാപത്തിന്റെയും മരണത്തിന്റെയും ദാസ്യത്തിൽനിന്ന് നിത്യജീവനിലേക്കുള്ള മോചനത്തിന്റെ പെസഹാ.


യേശു എണീറ്റ് മേലങ്കി മാറ്റിവച്ച് ഒരു തൂവാല അരയിൽചുറ്റി. താലത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകി.
ഗുരോ, അങ്ങ് എന്റെ പാദം കഴുകുകയോ? ഞാൻ അതിനു സമ്മതിക്കുകയില്ല.
?!!!
ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ല.
എന്നാൽ കർത്താവേ, പാദം മാത്രമല്ല, കൈയും തലയും കൂടെ കഴുകണമേ.
കുളികഴിഞ്ഞവർ ശുദ്ധനാണ്. അവന്റെ പാദം മാത്രം കഴുകിയാൽ മതി.
നിങ്ങളും ശുദ്ധിയുള്ളവരാണ്. എന്നാൽ എല്ലാവരുമല്ല.



അവരുടെ പാദങ്ങൾ കഴുകി യതിനുശേഷം
ഞാൻ നിങ്ങൾക്ക് ഒരു മാതൃക നല്കി യിരിക്കുന്നു. നിങ്ങളുടെ ഗുരുവും കർത്താവുമായ ഞാൻ നിങ്ങളുടെ പാദ ങ്ങൾ കഴുകിയതുപോലെ നിങ്ങളും പരസ്പരം പാദങ്ങൾ കഴുകണം.



പ്രപഞ്ചത്തിന്റെ നാഥനും ഞങ്ങളുടെ കർത്താവുമായ ദൈവമേ, ഞങ്ങൾക്കു പാനീയ മായി മുന്തിരിയുടെ ഫലം നല്കിയ അങ്ങു വാഴ്ത്ത പ്പെടട്ടെ.


ഇതു വാങ്ങി നിങ്ങൾ പങ്കു വയ്ക്കുവിൻ. ദൈവരാജ്യം വരുന്ന തുവരെ മുന്തിരിയുടെ ഫല ത്തിൽനിന്നു ഞാൻ കുടിക്കു കയില്ല.


സത്യമായി ഞാൻ നിങ്ങ ളോടു പറയുന്നു. നിങ്ങ ളിൽ ഒരുവൻ എന്നെ ഒറ്റിക്കൊടുക്കും.
ഗുരോ, അതു ഞാനാണോ?
ഗുരോ, ഞാനാണോ?


കർത്താവേ, ആരാണ് അങ്ങയെ ഒറ്റിക്കൊടുക്കു ന്നത്?
എന്നോടൊപ്പം പാത്രത്തിൽ കൈ മുക്കു ന്നവൻ.


?!


നീ ചെയ്യാനിരിക്കുന്നതു വേഗം ചെയ്യുക.
ഇവൻ എങ്ങോട്ടാണ് ഈ രാത്രിക്ക്?
ഗുരു എന്തെങ്കിലും വാങ്ങാൻ പറഞ്ഞയച്ചതായിരിക്കും.
യൂദാസ് പോയിക്കഴിഞ്ഞപ്പോൾ
ഇപ്പോൾ മനുഷ്യപുത്രൻ മഹത്വപ്പെട്ടിരിക്കുന്നു. കുഞ്ഞുമക്കളേ, ഞാൻ ഇനി അധികസമയം നിങ്ങളോടുകൂടെ ഉണ്ടായിരിക്കുകയില്ല.
ഞാൻ പുതിയൊരു കല്പന നല്കുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ.


പിതാവേ, ആകാശത്തിന്റെയും ഭൂമിയുടെയും നാഥാ, ഞങ്ങൾക്ക് ആഹാരമായി അപ്പം നല്കുന്ന അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു.
വാങ്ങി ഭക്ഷിക്കുവിൻ. പിതാക്കന്മാർ ഈജിപ്തിൽനിന്നു പോന്നപ്പോൾ ഭക്ഷിച്ച പുളിപ്പില്ലാത്ത അപ്പമല്ല ഇത്.
ഇതു നിങ്ങൾക്കുവേണ്ടി നല്കപ്പെടുന്ന എന്റെ ശരീരമാണ്.
എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്യുവിൻ.


അത്താഴത്തിനുശേഷം യേശു പാനപാത്രം എടുത്ത് ആശീർ
വദിച്ച് അവർക്കു കൊടുത്തു.
നിങ്ങൾക്കുവേണ്ടി ചിന്തപ്പെടുന്ന തും, പുതിയ ഉടമ്പടിയുടേതു മായ എന്റെ രക്തമാണിത്.
നിങ്ങളെല്ലാവരും ഇതിൽനിന്നു പാനം ചെയ്യുവിൻ.
ശിമയോൻ, സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റാൻ ഉദ്യമിച്ചു. നിന്റെ വിശ്വാസം ക്ഷയിക്കാതിരി ക്കാൻ ഞാൻ നിനക്കു വേണ്ടി പ്രാർത്ഥിച്ചു.


നീ തിരിച്ചു വന്ന് നിന്റെ സഹോദരരെ ശക്തിപ്പെടുത്തണം.
കർത്താവേ, നിന്നോടുകൂടെ കാരാഗൃഹത്തിലേക്കു പോരാനും ഞാൻ ഒരുക്കമാണ്.
പത്രോസേ, ഇന്നു കോഴി കൂവുന്നതിനുമുമ്പേ മൂന്നു പ്രാവശ്യം നീ എന്നെ നിഷേധിച്ചു പറയും.
ഇല്ല. കർത്താവേ, ഒരിക്കലുമില്ല. നിനക്കുവേണ്ടി മരിക്കേണ്ടി വന്നാലും....
ഇന്നുരാത്രി നിങ്ങളെല്ലാവരും എന്നെ ഉപേക്ഷിക്കും. എങ്കിലും ഞാൻ തനിച്ചല്ല, എന്നെ അയച്ചവൻ എന്നോടുകൂടെയുണ്ട്.
കർത്താവേ, എല്ലാം ഉപേക്ഷിച്ച് നിന്നോടുകൂടെ വന്ന ഞങ്ങൾ ഒരിക്കലും നിന്നെ ഉപേക്ഷിക്കുകയില്ല.
എന്റെ പിതാവിന്റെ ഭവനത്തിൽ നിങ്ങൾക്കു സ്ഥലമൊരുക്കാൻവേണ്ടിയാണ് ഞാൻ പോകുന്നത്.


സ്ഥലം ഒരുക്കിക്കഴിയുമ്പോൾ വീണ്ടും വന്ന് ഞാൻ നിങ്ങളേയും കൂട്ടിക്കൊണ്ടുപോകും.
കർത്താവേ, അങ്ങു ഞങ്ങളെ ഉപേക്ഷിച്ചിട്ടു പോവുകയാണോ?
നിങ്ങളെ ഞാൻ അനാഥരായി വിടുകയില്ല. എന്നും നിങ്ങളോടുകൂടെ ആയിരിക്കാൻ സത്യാത്മാവിനെ ഞാൻ അയയ്ക്കും.
പരിശുദ്ധാത്മാവ് നിങ്ങളെ സത്യത്തിന്റെ പൂർണ്ണതയിലേക്കു നയിക്കും. വഴിയും സത്യവും ജീവനും ഞാനാണ്.
ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാണ്. നിങ്ങൾ എന്നിൽ നിലനില്ക്കുമെങ്കിൽ ധാരാളം ഫലം പുറപ്പെടുവിക്കും.


ഞാൻ നിമിത്തം ലോകത്തിൽ നിങ്ങൾക്കു വലിയ പീഡനങ്ങളുണ്ടാകും. എന്നാൽ ഭയപ്പെടേണ്ടാ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.
എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നല്കുന്നു. ആരും നിങ്ങളിൽനിന്ന് അത് എടുത്തുകളയുകയില്ല.
അനന്തരം യേശു പ്രാർത്ഥിച്ചു.
പിതാവേ, സമയമായി. പുത്രൻ അവിടുത്തെ മഹത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങു മഹത്വപ്പെടുത്തണമേ...







## കുറ്റമില്ലാത്തവൻ ശിക്ഷിക്കപ്പെടുന്നു.

രക്ഷകൻ



# രക്ഷകൻ

ML BC - 43

**Mar Louis Publications**
Broadway, Ernakulam, Kochi - 682 031
Ph:0484-2352110
website:www.marlouiskochi.com
e-mail:marlouiskochi@gmail.com